(എ) കോഴിക്കോട്, അരീക്കോട്, കുന്ദമംഗലം, വെള്ളന്നൂർ, കണ്ണിപറമ്പ്, അരയങ്കോട്, ചിറമരി, വിലാക്കൽ, കുളിമാട്, ചെവായി ബസ് റൂട്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ആരംഭിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചുവെന്ന്, വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ

105 [2242] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്. ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വായ്പ തുകകൾ ഉപയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളുടെയും പുതുതായി വാങ്ങിയ ബസ്സുകളുടേയും വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വായ്പയെടുക്കുവാൻ കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം ആസ്തികളാണ് ഈടായ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും കെ. എസ്. ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് സ്റ്റേറ്റ്മെന്റായി നൽകുമോ?

ഉത്തരം

(എ) കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും 98.52 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(ബി) ബസ്സുകൾ വാങ്ങുക, ബസ് ബോഡി നിർമ്മിക്കുക, സ്പെയർപാർട്ട്സ് വാങ്ങുക, എം.എ.സി.ഗി. ജെയിംസും എണ്ണ കമ്പനികളുടെ കുടിശ്ശികയും കൊടുത്തുതീർക്കുക തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത വായ്പ തുക വിനിയോഗിച്ചിട്ടുള്ളത്.

(സി) ഈരാറ്റുപേട്ട, പാല എന്നീ വർക്ക്ഷോപ്പുകൾ/ഡിപ്പോകൾ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള വസ്തുവകകളാണ് ടി വായ്പകൾ എടുക്കുന്നതിനുവേണ്ടി കെ.ടി.ഡി.എഫ്.സി.-ക്ക് ഈടു നൽകിയിട്ടുള്ളത്.

(ഡി) 2004-05-ലെ ബഡ്ജറ്റ് വിഹിതമായി 5 കോടി രൂപയും സർക്കാരിൽനിന്നും 20 കോടി രൂപയും കെ. എസ്. ആർ. ടി. സി.-ക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1